**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6442** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലസേചന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ഡാമുകൾ ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 20 ഡാമുകളാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ഡാമുകളുടെ സുരക്ഷയ്ക്കായി ഏത് സേനാ വിഭാഗത്തെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ജലസേചന വകുപ്പിന് കീഴിൽ, മലങ്കര ഡാമിന്റെ കോമ്പൗണ്ടിൽ പോലീസിന്റെ ഗാർഡ്റൂം പ്രവർത്തിക്കുന്നുണ്ട്. മറ്റു ഡാമുകളിൽ സുരക്ഷയ്ക്കായി ഒരു സേനാ വിഭാഗത്തെയും നിയോഗിച്ചിട്ടില്ല. |
| (സി) | ഡാമുകളുടെ ജലനിരപ്പ് ഉയരുന്നത് മനസ്സിലാക്കുവാൻ എന്തെങ്കിലും ആധുനിക രീതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജെക്ടിൽ "ഡാമുകളിലെ ഇൻസ്ട്രുമെന്റേഷൻ" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന്റെ 16 ഡാമുകളായ നെയ്യാർ, കല്ലട, ഭൂതത്താൻകെട്ട് ബാരേജ്, മലങ്കര, മൂലത്തറ റെഗുലേറ്റർ, ചിമ്മിനി, വാഴാനി, പീച്ചി, ചുള്ളിയാർ, പോത്തുണ്ടി, മീങ്കര, മലമ്പുഴ, വാളയാർ,കാഞ്ഞിരപ്പുഴ, കുറ്റിയാടി, പഴശ്ശി എന്നിവിടങ്ങളിൽ ജല നിരപ്പ് അളക്കുന്നതിനായി A.W.L.R (ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡർ) സ്ഥാപിച്ച് ഡാറ്റ ലഭ്യമാക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ